DEPRESSED CLASS COLONIES—NO. OPENED DURING LAST 10 YEARS

122. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

ഇക്കഴിഞ്ഞ പത്തുകൊല്ലത്തിനുള്ളിൽ എത്ര അധഃകൃത കോളനികൾ സ്ഥാപിച്ചിട്ടുണ്ട്?

മിസ്റ്റർ പറമ്പി ലേനപ്പൻ:

ഒരെണ്ണം.

മിസ്റ്റർ കെ. കെ. കണ്ണൻ: ഓരോ കൊല്ലത്തിലും എത്ര കോളനികൾ വീതം സ്ഥാപിച്ചിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ പറമ്പി ലേനപ്പൻ: ഓരോ കൊല്ലത്തിലും ഇത്ര വീതം സ്ഥാപിച്ചിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. അതു കൃത്യമായി പറയണമെങ്കിൽ നോട്ടീസു വേണം.

RATES OF FEES FOR EXAMINATIONS HELD BY THE PUBLIC SERVICE COMMISSION—PARTICULARS OF

123. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) പബ്ലിക്കു സർവ്വീസ്സു് കമ്മീഷൻ നടത്തുന്നതായ മത്സര പരീക്ഷകളിൽ ചേരുന്നവരിൽനിന്നു ഫീസ്സു് പിരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിരക്കെന്തു്;

(സി) അങ്ങിനെ കൊല്ലത്തിൽ എത്ര സംഖ്യ ഫീസ്സു് പിരിഞ്ഞുകിട്ടുമെന്നാണു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) (ബി) & (സി) ടി കാര്യങ്ങൾ തീർച്ചയാക്കി കഴിഞ്ഞിട്ടില്ല.

മിസ്റ്റർ പി. വി സെബാസ്റ്റ്യൻ: പബ്ലിക്കു സർവ്വീസു് കമ്മീഷൻ നടത്തുന്ന മത്സരപരീക്ഷകൾക്കു ഫീസു പിരിക്കാൻ ഗവണ്മെണ്ടു് ആലോചിച്ചിട്ടില്ലേ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഇല്ല.

LIST OF BUSES THAT TOUCH KOZHINJAMPARA POLICE STATION

124. മിസ്റ്റർ ആർ. എസ്സു് തേവണ്ണകൌണ്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊഴിഞ്ഞാമ്പാറ പൊല്ലീസ്സു് സ്റ്റേഷനിൽ എത്ര ബസ്സുകൾ വന്നു ടൈം കൊടുത്തു പോകുന്നുണ്ടു്;

(ബി) അവകൾ ഏതെല്ലാം സ്ഥലത്തേക്കു് ഓടുന്ന വണ്ടികളാണു്;

(സി) ഈ ബസ്സുകളിൽ യാത്രചെയ്യുന്നവർക്കു് ബസ്സു കാത്തിരിക്കുന്നതിനു വല്ല ബസ്സു് സ്റ്റാണ്ടോ വെയിറ്റിംഗ് റൂമോ ഉണ്ടോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഏഴു.

(ബി) ഏ. കോയമ്പത്തൂർ—മീനാക്ഷിപുരം.

ബി. പലക്കാടു്—പൊള്ളാച്ചി.

സി. തിരുവേപ്പുർ, കൊഴിഞ്ഞാമ്പാറ—പത്തൂർ.

ഡി. തത്തമംഗലം—കോയമ്പത്തൂർ.

(സി) ഇല്ല.

മിസ്റ്റർ ആർ. എസ്സു്. തേവണ്ണകൌണ്ടൻ: അവിടെ ഒരു ബസ്സു് സ്റ്റാൻറു് അത്യാവശ്യമായിട്ടുള്ളതാണെന്നു ഗവണ്മെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ബസ്സു് സ്റ്റാൻറുണ്ടായാൽ ആളുകൾക്കു ഇരിക്കാൻ സൌകര്യമുണ്ടു്.

മിസ്റ്റർ ആർ. എസ്സു്. തേവണ്ണകൌണ്ടൻ: എന്തുകൊണ്ടാണു അവിടെ ഇതുവരെ ഒരു ബസ്സു് സ്റ്റാൻറുണ്ടാക്കാത്തതു്?

റാവുബഹദൂർ ടി. കെ. നായർ: എല്ലാ സ്ഥലങ്ങളിലും ബസ്സു് സ്റ്റാൻറുണ്ടായിരിക്കുന്നതു് ആളുകൾക്കു സൌകര്യമാണു്. പക്ഷെ പണമില്ലാത്തതുകൊണ്ടാണു് അതുണ്ടാക്കാതിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു". എതായാലും കൊഴിഞ്ഞാമ്പാറയിലെ കാര്യത്തെപ്പറ്റി ഗവമ്മെണ്ടു പ്രത്യേകമായി ആലോചിക്കാം.

GOVERNMENT HOUSES OUTSIDE THE STATE—FACILITIES FOR OFFICERS TO CAMP THERE

125. മിസ്റ്റർ കെ. എ. രാഘവൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) കൊച്ചിക്കു വെളിയിൽ സ്ഥിതിചെയ്യുന്ന ഗവമ്മെണ്ടുവക മന്ദിരങ്ങൾ ആരുടെ ഒക്കെ കൈവശത്തിലാണിരിക്കുന്നതു";

(ബി) ആവക സ്ഥലങ്ങളിൽ മന്ത്രിമാക്കൊ പ്രധാന ഗവമ്മെണ്ടു് ഉദ്യോഗസ്ഥന്മാക്കൊ വേണ്ടിവന്നാൽ ക്യാമ്പു ചെയ്യുന്നതിനു സൌകര്യം ലഭിച്ചിട്ടുണ്ടൊ, ലഭിക്കുന്നുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ:

(എ) കൊച്ചിക്കു വെളിയിൽ ഗവമ്മെണ്ടുവകയായുള്ള മന്ദിരങ്ങൾ താഴെ പറയുന്നവയാകുന്നു.

എ. കൊച്ചിൻ ഹൌസ്, മദിരാശി.
ബി. സ്പ്രിങ്ഫീൽഡും എൽക്ഹിൽ പാലസും, ഊട്ടി.
സി. കൊച്ചിൻ ഹൌസ്, ന്യൂഡൽഹി.

ഇതിൽ ഒന്നും രണ്ടും ഗവമ്മെണ്ടു് കൈവശത്തിലും മൂന്നാമത്തേതു ഇൻഡ്യാ നാഷനൽ ലേബർ ആഫിസുകാക്കു് വാടകക്കു് കൊടുത്തിരിക്കുകയുമാണു്.

(ബി) കൊച്ചിൻ ഹൌസ് ന്യൂഡൽഹിയിൽ ഒരു സെറ്റു മുറികളും മന്ത്രിമാക്കും ഇന്നാട്ടിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാക്കും വേണ്ടി റിസർവു ചെയ്തു വെച്ചിട്ടുണ്ടു്.

കൊച്ചിൻ ഹൌസ് മദിരാശി, സ്പ്രിങ് ഫീൽഡ് പാലസ്, ഊട്ടി രാജകുടുംബാംഗങ്ങളുടെ ഉപയോഗത്തിനുള്ളതാകുന്നു. എൽക്ഹിൽ പാലസ് ദിവാൻജിയുടെ ഔദ്യോഗിക വാസസ്ഥലമായിട്ടാണു് ഉപയോഗിച്ചിരുന്നതു്.

മിസ്റ്റർ കെ. എ. രാഘവൻ: ന്യൂഡൽഹിയിലുള്ള കൊച്ചിൻഹൌസ്സു് വാടകയ്ക്കു കൊടുത്തിരിക്കുന്നതു വല്ല വ്യവസ്ഥയോടുംകൂടിയാണൊ?

റാവുബഹദൂർ ടി. കെ. നായർ: മുന്നുകൊല്ലത്തെ വ്യവസ്ഥവച്ചു വാടകയ്ക്കു കൊടുത്തിരിക്കുകയാണു്.

മിസ്റ്റർ കെ. എ. രാഘവൻ: എത്ര നാളായി കൊടുത്തിട്ടു്?

റാവുബഹദൂർ ടി. കെ. നായർ: ഏ½ കൊല്ലമായി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ന്യൂഡൽഹിയിൽ കൊച്ചിൻ ഹൌസ് ഇരിക്കുന്നതിന്റെ പരിതഃസ്ഥിതി നോക്കുകയാണെങ്കിൽ ഇതിനു കിട്ടുന്ന വാടക വളരെ കുറഞ്ഞതാണെന്നു ഗവമ്മെണ്ടിനറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: വാടക നിശ്ചയിക്കുന്ന കാര്യത്തിൽ ഈ പറഞ്ഞതു ഒരഭിപ്രായം മാത്രമാണു്.

Mr. President: The long answer will be taken as read, if the House agrees.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I have seen that House. It is situated in the most important part of New Delhi, and I ask whether the rent is not too low, in simple crisp language whether the rent of Rs. 450 is not exceptionally low, objectionably low.

റാവുബഹദൂർ ടി. കെ നായർ: ന്യൂ ഡൽഹിയിലെ മറ്റു കെട്ടിടങ്ങളെ അപേക്ഷിച്ചു് ഇതിനു വാടക കൂടുതൽ കിട്ടാൻ വിരോധമില്ല.

മിസ്സിസ്സ് കെ. എം. ജോർ. മേനോൻ: എൽക്ഹിൽ പാലസ്സു് ദിവാൻജിയാണു് ഉപയോഗിച്ചിരുന്നതു് എന്നു പറഞ്ഞു. ഇപ്പോൾ ആർക്കു ഉപയോഗിക്കാനുള്ളതാണു്.

റാവുബഹദൂർ ടി. കെ. നായർ: മന്ത്രിമാർ ആരെങ്കിലും അവിടെ ചെന്നാൽ അവിടെത്തിൽ താമസിക്കാൻ വിരോധമില്ല.

മിസ്റ്റർ പി. കെ. ഡീവർ: മദ്രാസിലുള്ള കൊച്ചിൻ ഹൌസ്സിൽ മന്ത്രിമാക്കു താമസിക്കാൻ വിരോധമുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: വിരോധമില്ല. പക്ഷെ അവിടെ സൌകര്യങ്ങൾ കുറവാണു്.

LIBRARY ARCHIVES Kerala Legislative Assembly